# 6. ബുദ്ധിയുടെ ഉപയോഗം

നിങ്ങൾ കേട്ടിട്ടുണ്ടോ, മരിച്ചവരെ എങ്ങനെ മറമാടണമെന്ന് ആദ്യമായി മനുഷ്യനെ പഠിപ്പിച്ചത് ഒരു കാക്കയാണ്. ചിലപ്പോൾ കാര്യങ്ങൾ അങ്ങനെയാണ്. പക്ഷികളും മൃഗങ്ങളുമൊക്കെ നമുക്ക് പാഠമാകും. ബുദ്ധി തന്നത് ആവശ്യത്തിന് ഉപയോഗിക്കാനാണ്. കഥയിലെ തത്തയെപ്പോലെ.

ഒരിടത്ത് ഒരു വ്യാപാരിയുണ്ടായിരുന്നു. അദ്ദേഹത്തിന് മൂന്ന് പെൺകുട്ടികളും ഒരു തത്ത യുമുണ്ടായിരുന്നു. നല്ല ചന്തമുള്ള തത്ത. അത് പാടുകയും സംസാരിക്കുകയും പെൺകു ട്ടികളോടൊപ്പം നൃത്തംവെക്കുകയും ചെയ്യുമായിരുന്നു. എന്നാൽ അതിനെ ഒരിക്കലും അവർ കൂട്ടിൽനിന്ന് പുറത്തിറക്കിയിരുന്നില്ല.



ഒരിക്കൽ വ്യാപാരാവശ്യങ്ങൾക്കായി കച്ചവടക്കാരൻ ദൂരെ ഒരു ദേശത്തേക്ക് പോകാനൊരുങ്ങി. ഒരുക്കങ്ങളെല്ലാം പൂർത്തി യായപ്പോൾ തൻെറ മക്കളെ ഓരോരുത്തരെയും വിളിച്ചു അ യാൾ ചോദിച്ചു: "ഞാൻ യാത്ര കഴിഞ്ഞു വരുമ്പോൾ നിനക്ക് എന്താണ് കൊണ്ടുവരേണ്ടത്?"

അവർ ഓരോരുത്തരും തങ്ങളുടെ ആഗ്രഹങ്ങൾ അഛനെ അറിയിച്ചു.

അയാൾ പിന്നീട് തത്തയുടെ അടുത്തുചെന്ന് ചോദിച്ചു: "ഞാൻ വരുമ്പോൾ നിനക്ക് എന്താണ് കൊണ്ടുവരേണ്ടത്?"

തത്ത പറഞ്ഞു: "താങ്കൾ ചെല്ലുന്ന രാജ്യത്ത് തത്തകളുണ്ടെ ങ്കിൽ അവരോട് എന്നെപ്പറ്റി പറയുക. എൻെറ അന്വേഷണം അവരെ അറിയിക്കുക. അവൻ കൂട്ടിലാണെന്നും അവന് നിങ്ങളെ കാണാൻ കൊതിയു ണ്ടെന്ന് പറഞ്ഞതായും അവരെ അറിയിക്കണം. അവരോട് എൻെറ ജീവിതത്തിന് ഉപകരിക്കുന്ന എന്തെങ്കിലും ഉപദേശം തരാനും പറയണം."

കച്ചവടൻ അത് ചെയ്യാമെന്ന് സമ്മതിച്ചു യാത്രയായി.

തൻെറ ജോലിയെല്ലാം തീർത്ത് വ്യാപാരി യാത്രതിരിച്ചു. യാത്രക്കിനിടയിൽ ഒരു കാട്ടിൽ ധാരാളം തത്തകളെ കണ്ടു. ഉടനെ അയാൾ അവ ഇരുന്ന മരത്തിന് സമീപം ചെന്നുനിന്നു. എന്നിട്ട് തൻെറ തത്ത പറഞ്ഞതെല്ലാം ആ തത്തകളോട് വിളിച്ചുപറഞ്ഞു. അതുകേട്ട് ഒരു തത്ത താഴെ വീണു പിടഞ്ഞു ചത്തു.

അതുകണ്ട് കച്ചവടക്കാരൻ വല്ലാതെ പ്രയാസപ്പെട്ടു. എന്താണ് സംഭവിച്ചത്? താൻ എന്തിന് അക്കാര്യം അവരെ അറിയച്ചു? അത് അറിയിക്കരുതായിരുന്നു എന്നയാൾ മന സ്സാ ആഗ്രഹിച്ചു. ഒരുപക്ഷേ, ഈ തത്ത അവൻെറ ബന്ധുവായിരിക്കാം. ശ്ശെ, വേണ്ടി യിരുന്നില്ല. അയാൾ ഖേദത്തോടെ തിരിച്ചുനടന്നു.



ധാരാളം സാധനങ്ങളുമായി വീട്ടിൽ തിരിച്ചെത്തിയ പിതാവി നെ കണ്ട് കുട്ടികൾ സന്തോഷിച്ചു. അയാൾ അവർക്കെല്ലാം പാരിതോഷികങ്ങൾ നല്കി.

"എവിടെ എനിക്കുള്ള പാരിതോഷികങ്ങൾ? ഞാൻ പറഞ്ഞത് വല്ലതും ചെയ്തോ?" തത്ത തിരക്കി.

കച്ചവടക്കാരൻ പ്രയാസത്തോടെ പറഞ്ഞു: "എൻെറ തത്തേ, നീ എന്നോട് ക്ഷമിക്കണം. നിൻെറ സന്ദേശം ഞാൻ നിറവേറ്റി. പക്ഷേ, അതെന്നെ ഏറെ വേദനിപ്പിക്കുകയും ചെയ്തു. അക്കാ ര്യം ഞാൻ നിന്നോട് എങ്ങനെയാണ് പറയുക?"

"എന്താണത്? എന്തായാലും എന്നോട് പറയുക. താങ്കൾ എന്തിനാണിത്രയധികം വ്യസനിക്കുന്നത്?" തത്ത ചോദിച്ചു.

വ്യാപാരി പറഞ്ഞു: "ഞാൻ ഒരിടത്ത് കുറേ തത്തകളെ കണ്ടു. നീ പറഞ്ഞത് മുഴുവൻ ഞാൻ അവരോട് പറഞ്ഞു. അത് കേട്ടയുടൻ ഒരു തത്ത താഴെ വീഴുകയും പിടഞ്ഞു

ചാവുകയും ചെയ്തു. അത് നിൻെറ ആരെങ്കിലും ആണെന്ന് ഞാൻ കരുതുന്നു. ഞാന ത് പറയാതിരുന്നെങ്കിൽ എത്ര നന്നായിരുന്നു? എൻെറ പൊന്നുതത്തേ നീ എന്നോട് ക്ഷമിക്ക്."

അതുകേട്ട തത്ത ഉടനെ കൂട്ടിൽ വീണു പിടഞ്ഞു ചത്തു. അതുകണ്ട് പരിഭ്രമിച്ച കച്ചവടക്കാരൻ ഏറെ വേദനയോടെ പറഞ്ഞു: "എൻെറ പൊന്നു തത്തേ, എന്താണിത്, നിനക്ക് എന്തു പറ്റി?"

അയാൾ കൂട് തുറന്നു തത്തയുടെ ജഡം പുറത്തെടുത്ത് നിലത്ത് വെച്ചു. എന്നിട്ട് തത്തയെ നോക്കി പറഞ്ഞു: "നീ എത്ര മധുരമായി പാടിയിരുന്നു. എത്ര നന്നായി നൃത്തം ചെയ്തിരുന്നു. എത്ര സുന്ദരനായിരുന്നു നീ? നിനക്ക് എന്താണ് സംഭവിച്ചത്? ചത്തു പോയ തത്ത നിൻെറ ആരെങ്കിലുമായിരുന്നോ?"

അയാളുടെ സംസാരത്തിനിടയിൽ പെട്ടെന്ന് തത്ത ചിറകടിച്ചുയർന്ന് തൊട്ടടുത്ത മര ച്ചില്ലയിൽ ചെന്നിരുന്നു. വ്യാപാരി അത്ഭുതപ്പെട്ടു. അയാൾ പറഞ്ഞു: "അല്ല, തത്തേ, നീ എന്താണ് ഈ ചെയ്തത്? നിൻെറ കൂട്ടുകാരൻ നിന്നെ പഠിപ്പിച്ച തന്ത്രമാണോ ഇത്?"

തത്ത പറഞ്ഞു: "നിൻെറ കൂട്ടിൽനിന്ന് രക്ഷപ്പെടാൻ അവൻ എനിക്ക് ഒരു ഉപദേശം തന്നതാണത്. തത്തകൾ എവിടെയായാലും സ്നേഹമുള്ളവരാണ്. മനുഷ്യരെപ്പോലെയല്ല. ഞാൻ പോകുന്നു." അത് ചിറകടിച്ചുയർന്നു.

വ്യാപാരി കൈവീശിക്കൊണ്ട് പറഞ്ഞു: "പോവുക. ഞാൻ നിന്നെ സന്തോഷത്തോടെ യാത്രയാക്കുന്നു. എൻെറ കണ്ണ് തുറപ്പിച്ചവനാണ് നീ."

*വിപത്ഘട്ടങ്ങളിൽ ബുദ്ധിയോടെ നീങ്ങണം. അപരിചിതരെ പൂർണമായും വിശ്വസിക്കരുത്.*